**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 316** **22-02-2022 - ൽ മറുപടിയ്ക്ക്**

**പഴയ വാണിജ്യ കെട്ടിടങ്ങളുടെ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2019-ൽ പുതിയ കെട്ടിടനിർമ്മാണ നിയമങ്ങൾ നിലവിൽ വന്നപ്പോൾ പഴയ വാണിജ്യ കെട്ടിടങ്ങളുടെ ലൈസൻസ് നിലനിർത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കെട്ടിടത്തിന് ലൈസൻസ് നൽകുന്നത് സംബന്ധിച്ച നിബന്ധനകളൊന്നും കെട്ടിടനിർമ്മാണ ചട്ടത്തിലില്ല. വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുന്ന വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകി വരുന്നുണ്ട്. |
| (ബി) | പുതിയ നിയമ പ്രകാരം വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആതുര ശുശ്രൂഷാലയങ്ങൾ ഇരുന്നൂറ് ചതുരശ്ര മീറ്ററിൽ നിജപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ബി) | 2019 ലെ കേരള പഞ്ചായത്ത്, മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25(2) പ്രകാരം വാണിജ്യ ഉപയോഗത്തിന് അനുമതി ലഭ്യമായ കെട്ടിടത്തിൽ 200ചതുരശ്രമീറ്റർ വരെയുള്ള ആതുരശുശ്രൂഷാലയങ്ങൾ പ്രവർത്തിക്കാൻ സാധ്യമാണ്. |
| (സി) | ഉണ്ടെങ്കിൽ ഈ നിയമം നിലവിൽ വരുന്നതിന് മുമ്പ് നിയമ പ്രകാരം പ്രവർത്തിച്ചിരുന്ന ആതുര ശുശ്രൂഷാലയങ്ങൾ തുടർന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ